പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6613 — 04.04.2018-ൽ മറുപടിയ്ക്ക്

## വെള്ളയമ്പലം, വഴുതക്കാട് ജംഗ്ഷനുകളിലെ ഗതാഗതക്കുരുക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) തലസ്ഥാനത്തെ വെള്ളയമ്പലം, വഴുതക്കാട് ജംഗ്ഷനുകളിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നല്കാമോ? | (എ) & (ബി) | തിരുവനന്തപുരം നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ചിട്ടുള്ള വെള്ളയമ്പലം ജംഗ്ഷനിൽ രാവിലെ 9.00 നും 11.00 നമിടയിലും വൈകിട്ട് 05.00 നും 6.00 നമിടയിലും ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ജംഗ്ഷനിൽ നിലവിൽ സിഗ്നൽ സംവിധാനത്തിലൂടെ ഈ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. വഴുതയ്ക്കാട് ജംഗ്ഷൻ വികസനത്തോട് അനുബന്ധിച്ച് വഴുതയ്ക്കാട് മുതൽ തൈക്കാട് വരയുള്ള റോഡ് വികസനത്തിനായി ഭൂമി ട്രിഡയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് വരികയാണ്. |

സെക്ഷൻ ഓഫീസർ